# പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1088** **21/03/2013 ൽ മറുപടിക്ക്**

## റിസോഴ്സ് അദ്ധ്യാപകരുടെ വേതനം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.എ ബേബി | | ശ്രീ.പി.കെ. അബ്ദു റബ്ബ് (വിദ്യാഭ്യാസ വകുപ്പു മന്ത്രി) | |
| എ) | സി.ഡബ്ള്യൂ.എസ്.എൻ കുട്ടികളിൽ സ്കൂളിൽ പോകാൻ കഴിയാത്ത കുട്ടികളെ വീട്ടിൽ എത്തി പഠിപ്പിക്കുന്ന റിസോഴ്സ് അദ്ധ്യാപകരുടെ വേതനം വർദ്ധിപ്പിക്കാനാവശ്യമായ അടിയന്തര നടപടി സ്വീകരിക്കുമോ; | എ) | സർവ ശിക്ഷാ അഭിയാനിൽ നിലവിൽ ജോലി ചെയ്തുവരുന്ന ഗൃഹാധിഷ്ഠിത വോളന്റിയർമാർക്ക് പ്രതിമാസം 5000/- രൂപയാണ് ഹോണറേറിയമായി നൽകിവരുന്നത്. 2013-14 ലെ സർവ ശിക്ഷാ അഭിയാന്റെ വാർഷിക പദ്ധതിയിൽ ടി തുക 10,000/- രൂപയാക്കി വർദ്ധിപ്പിക്കണമെന്ന നിർദ്ദേശം കേന്ദ്ര മാനവ വിഭവ വികസന ശേഷി മന്ത്രാലയത്തിന് സമർപ്പിച്ചിട്ടുണ്ട് അനുമതി ലഭിക്കുന്ന മുറയ്ക്ക് ഹോണറേറിയം വർദ്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. |
| ബി) | സി.ഡബ്ള്യൂ.എസ്.എൻ കുട്ടികൾക്കായുള്ള പ്രത്യേകം കരിക്കുലം തയ്യാറാക്കുന്നതിനായി വിദഗ്ധ സമിതിയെ നിയോഗിക്കുന്ന കാര്യം പരിഗണിക്കുമോ? | ബി) | പൊതു വിദ്യാലയങ്ങളിൽ പഠിക്കുന്ന പ്രത്യേക പരിഗണന അർഹിക്കുന്ന വിദ്യാർത്ഥികൾ സംസ്ഥാന സിലബസ് തന്നെയാണ് പഠിക്കുന്നത്. ഇവർക്ക് പ്രത്യേക കരിക്കുലമോ സിലബസോ ആവശ്യമില്ല. ഇത് ഇൻക്ലൂഷൻ എന്ന ആശയത്തിന് എതിരാണ്. |

സെക്ഷൻ ഓഫീസർ